# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 450

10.06.2014- ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപങ്ങളിന്മേലുള്ള നികുതി ചുമത്തൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) പ്രാഥമിക സഹകരണ ബാങ്കുകളുടെ നിക്ഷേപത്തിന്മേൽ നികുതി ചുമത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) പ്രാഥമിക സഹകരണ ബാങ്കുകളിൽ നിക്ഷേപകർക്കുള്ള നിക്ഷേപത്തിന്മേൽ നികുതി ചുമത്തുന്നതിന് ആദായ നികുതി വകുപ്പ് തീരുമാനിച്ചിട്ടുള്ളതായി ആദായനികുതി വകുപ്പിൽ നിന്നും ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് 6 പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപ തുക എന്നിവ അറിയിക്കാൻ ആദായ നികുതി വകുപ്പ് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകിയ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്. |

എൽ.പി.3976/2010) തീർപ്പാക്കി 27.08.2013 ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവെച്ചിട്ടുണ്ട്.

ബി) പ്രസ്തുത ബാങ്കുകളുടെ നിക്ഷേപത്തിന്മേൽ നികുതി ചുമത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) നികുതി ചുമത്തു ന്നതിന് ആദായ നികുതി വകുപ്പ് തീരുമാനിച്ചിട്ടുള്ളതായി ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ല.

സി) പ്രസ്തുത ബാങ്കുകളുടെ നിക്ഷേപത്തിന്മേൽ നികുതി ചുമത്തുന്നത് നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(സി) ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപ തുക എന്നിവ ആവശ്യപ്പെടുന്നത് നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുമെന്ന സഹകാരികളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ